LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പിലാത്തറ-പാപ്പിനിശ്ശേരി റോഡിന്റെ കലുങ്കുകൾ, ഇരുവശത്തുമുള്ള ഓട, സംരക്ഷണ ഭിത്തികൾ, പിലാത്തറ, താവം റെയിൽവേ ഓവർ ബ്രിഡ്ജുകൾ, റോഡ് നിർമ്മാണം എന്നീ പ്രവൃത്തികൾ നടന്നുവരുന്നു. ടി റോഡിന്റെ 26 ശതമാനം പ്രവൃത്തികൾ നിലവിൽ പൂർത്തിയായിട്ടുണ്ട്. രാമപുരത്ത് നിർമ്മിക്കുന്ന പുതിയ പാലത്തിന്റെ ഡിസൈനും ഡ്രോയിങ്ങും കൺസൾട്ടന്റ് തയ്യാറാക്കി കരാറുകാരന് നൽകിയിട്ടുണ്ട്.

(ബി) താവം, പാപ്പിനിശ്ശേരി എന്നീ മേൽപ്പാലങ്ങളുടെ പ്രവൃത്തികൾ വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) 2016 മാർച്ചിൽ പൂർത്തീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

കരാറുകാർക്ക് നൽകാനുള്ള തുക

326 (1360) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പൊതുമരാമത്ത് വകുപ്പ് കരാറുകാർക്ക് നൽകാനുള്ള തുക എത്രയെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

കരാറുകാർക്ക് നൽകാനുള്ള തുക ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

(രൂപ ലക്ഷത്തിൽ)

ക്രമ നമ്പർ	ജില്ലയുടെ പേര്	കെട്ടിട വിഭാഗം	ദേശീയപാതാ വിഭാഗം	നിരത്തുകളും പാലങ്ങളും വിഭാഗം
(1)	(2)	(3)	(4)	(5)
1.	തിരുവനന്തപുരം	9015.39	682.61	8580.00
2.	കൊല്ലം	2217.36	123.26	5796.00
3.	പത്തനംതിട്ട	1760.80	-	5885.00

(1)	(2)	(3)	(4)	(5)
4.	കോട്ടയം	3829.78	90.67	17030.00
5.	ആലപ്പുഴ	1884.60	300.29	6840.00
6.	ഇടുക്കി	2595.53	1.87	6668.00
7.	എറണാകുളം	4423.18	1148.27	13862.00
8.	തൃശ്ശൂർ	4128.99	-	5994.00
9.	പാലക്കാട്	1938.66	-	7176.00
10.	മലപ്പുറം/മഞ്ചേരി	2483.06	13.00	21567.00
11.	കോഴിക്കോട്	3976.85	512.91	10104.00
12.	തലശ്ശേരി/കണ്ണൂർ	2238.05	526.54	12155.00
13.	വയനാട്	1296.72	23.77	4411.00
14.	കാസർഗോഡ്	1335.02	-	5878.00
	ആകെ	43123.99 (431 കോടി)	3423.20 (34 കോടി)	131947.00 (1319.47 കോടി)

വണ്ണാത്തിക്കടവ് പാലം

327 (1361) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ വണ്ണാത്തിക്കടവ് പാലം പുതുക്കി പണിയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; പാലത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly